# നൂഞ്ഞേരി എ.എൽ.പി സ്കൂൾ



## അക്കാദമിക മാസ്റ്റർപ്ലാൻ

# ഒരുക്കം

## 2025-26

## ഉള്ളടക്കം


- ആമുഖം
- സ്കൂൾ ചരിത്രം
- കാഴ്ചപ്പാട്
- അവസ്ഥാ വിശകലനം
- ഭൗതികം
- അക്കാദമികം
- കുട്ടികളുടെ എണ്ണം
- പഠന നിലവാരം
- മൂല്യനിർണ്ണയ റിപ്പോർട്ട്
- നേട്ടങ്ങൾ - ഭൗതികം, അക്കാദമികം
- പരിമിതികൾ - ഭൗതികം, അക്കാദമികം
- പൊതുലക്ഷ്യങ്ങൾ
- പ്രവർത്തന വിശദാംശം
- അക്കാദമികം
- ഭൗതികം
- സാമൂഹിക പങ്കാളിത്തം
- മോണിറ്ററിംഗ്
- ഉപസംഹാരം

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും അതുവഴി ഓരോ വിദ്യാർത്ഥിയേയും അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് മാസ്റ്റർപ്ലാൻ കൊണ്ട് അടിസ്ഥാനപരമായി ലക്ഷ്യം വെക്കുന്നത്.

ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടിയുടെ സവിശേഷ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളേയും പഠന മുന്നേറ്റത്തിന് ആവശ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയണം. അങ്ങനെ കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളേയും വികസിപ്പിച്ച് അക്കാദമിക വളർച്ചയ്ക്കുവേണ്ടി പ്രാപ്തരാക്കാനുള്ള ഒരു മാർഗ്ഗരേഖ എന്ന നിലയിലാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഭൗതികപരമായ സാഹചര്യങ്ങളെ വിലയിരുത്തുമ്പോൾ ഇതിന് ഒരുപാട് പരിമിതികളുണ്ട്.

വിദ്യാഭ്യാസ തത്പരരായ എല്ലാവരുടേയും സഹകരണമുണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്. അതിനാൽ എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു. സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ച് കൊള്ളുകയും ചെയ്യുന്നു.

# സ്കൂൾ ചരിത്രം

## ഒരെത്തിനോട്ടം

കൊളച്ചേരി പഞ്ചായത്തിലെ ചേലേരി ഗ്രാമത്തിൽ ശ്രീ മഹാവിഷ്ണുക്ഷേത്രത്തിന്റെ പരിസരത്തായി സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു വിദ്യാലയമാണ് നൂഞ്ഞേരി എ.എൽ.പി സ്കൂൾ.

1948 ൽ ആണ് ഇന്ന് നിലവിലുള്ള സ്കൂൾ കെട്ടിടം നിർമ്മിച്ചത്. (പുതുതായി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടം ഒഴികെ) "മണിയർമൻകാവ് സ്കൂൾ" എന്നും ഇതിന് പേരുണ്ടായിരുന്നു. 1926 ൽ ആണ് സ്കൂൾ നിലവിൽ വന്നത്.

കുഞ്ഞമ്പു ഉണിത്തിരി എന്ന കേളോത്ത് അമ്മോൻ ആണ് ഇതിന്റെ സ്ഥാപകൻ. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് നിർമ്മിച്ച ഈ സ്കൂളിൽ ആദ്യം 1, 2, 3 ക്ലാസുകളാണുണ്ടായിരുന്നത്. പിന്നീട് നാലാംതരവും അഞ്ചാംതരവും കൂട്ടിച്ചേർത്തു.

ആദ്യകാലത്ത് സ്കൂളിന്റെ അവസ്ഥ വളരെ ശോചനീയമാണെങ്കിലും ഇന്ന് അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ട്.

സർവ്വശ്രീരൈരുനായർ, ഇ.പി കൃഷ്ണൻ മാസ്റ്റർ, ചാലിൽ കുഞ്ഞമ്പു ഗുരുക്കൾ, പി.സി കുഞ്ഞിരാമൻ മാസ്റ്റർ, ഗോവിന്ദൻ മാസ്റ്റർ, പി.പി നാരായണപ്പണിക്കർ, കുഞ്ഞാതി ടീച്ചർ, അമ്മാളുഅമ്മ, പി.പി തമ്പാൻ, പി.വി ലക്ഷ്മിഅമ്മ, എ.കല്ല്യാണി, കണ്ണൻ മാസ്റ്റർ, ദേവകി ടീച്ചർ, എം.പി സതീദേവി, സി.കെ ജനാർദ്ദനൻ നമ്പ്യാർ, പി.വി അബ്ദുള്ള എന്നിവർ ഈ സ്കൂളിൽ അധ്യാപകരായിരുന്നു.

## വിദ്യാലയ വികസന കാഴ്ചപ്പാട്

കുട്ടികളുടെ ശാരീരിക, മാനസീക, വൈജ്ഞാനിക മേഖലകളിൽ സമഗ്രവികസനം ലക്ഷ്യമാക്കിയും സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാനുതകുന്ന ശിശുസൗഹൃദ വിദ്യാലയമാക്കിയും മാറ്റണം നൂഞ്ഞേരി എ.എൽ.പി സ്കൂൾ.

## അവസ്ഥാ വിശകലനം

ക്ലാസ്മുറി :- രണ്ടു കെട്ടിടങ്ങളിലായി 5 ക്ലാസുകൾ നടക്കുന്നു. 1,2,3 ക്ലാസുകൾ നടക്കുന്ന പഴയ കെട്ടിടത്തിൽ പാർട്ടീഷ്യൻ വാളില്ല. ചെറിയ തട്ടികൾ കൊണ്ടാണ് വേർതിരിച്ചിട്ടുള്ളത്. ഈ ക്ലാസുകളിൽ വേണ്ടത്ര സൗകര്യങ്ങളില്ല. പ്രീ.കെ.ഇ.ആർ കെട്ടിടത്തിൽ വെളിച്ചക്കുറവ് നേരിടുന്നുണ്ട്. ബെഞ്ച്, ഡസ്ക്ക് എന്നിവ കുട്ടികൾക്ക് അനുയോജ്യമായ എണ്ണത്തിലും രൂപത്തിലും ഇല്ല. വായനാമൂല ക്ലാസിൽ തന്നെയൊരുക്കാനുള്ള സൗകര്യം കുറവാണ്. എന്നാലും എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ ഉൽപ്പന്നങ്ങൾ സൂക്ഷിക്കാൻ പ്രത്യേക സൗകര്യമോ, ലൈബ്രറി, ലാബ് എന്നിവക്കാവശ്യമായ പ്രത്യേക മുറികളൊ ഇല്ല. സൗകര്യപ്രദമായ കംപ്യൂട്ടർ റൂം (ഇംഗ്ലീഷ് തിയേറ്റർ) പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യത്തിനനുസരിച്ചുള്ള കംപ്യൂട്ടറുകൾ കുറവാണ്.

സ്കൂളിൽ നിലവിലുള്ള അധ്യാപകർ ഇവരാണ് ശ്രീമതി. മല്ലിക.എ.വി (എച്ച്.എം) എ.വി മല്ലിക, എ.വി സരിത, പി.വി സുബൈർ, എ.വി സീന കെ. ശ്രുതി, ബിന്ദുനമ്പ്യാർ

## ഭൗതിക സാഹചര്യങ്ങൾ

ആകെ 44 സെന്റ് സ്ഥലത്തിൽ 746x138 വലിപ്പത്തിലുള്ള 1948 ൽ സ്ഥാപിച്ച പഴയ കെട്ടിടം ഇന്നും കേട്ടു കൂടാതെ നിലനിൽക്കുന്നു. ഇതോടനുബന്ധിച്ച് നിർമ്മിച്ച 3 ക്ലാസ്മുറികളുള്ള വിശാലമായ പുതിയ കെട്ടിടം ഭൗതീക സാഹചര്യ ങ്ങളെ മെച്ചപ്പെടുത്തുന്നുവെങ്കിലും [redacted], ചുറ്റുമതിൽ, ഭക്ഷണശാല, ആവശ്യാ നുസരണമുള്ള ടോയ്‌ലറ്റിന്റെ അപര്യാപ്തത എന്നിവ വലിയ പോരായ്മയായി കാണു ന്നു.

### ഓഫീസ്മുറി

സൗകര്യപ്രദമായ ഓഫീസ്മുറി ഒരുക്കാൻ സാധിച്ചിട്ടുണ്ട്. അതിൽ തന്നെ യാണ് സ്റ്റാഫ് റൂം പ്രവർത്തിക്കുന്നത്.

### മൂത്രപ്പുര

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകളുണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പര്യാപ്തമല്ല.

### കുടിവെള്ളം

പഞ്ചായത്തു കിണറാണ് കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത്. മാനേ ജ്മെന്റ് മോട്ടോർ സൗകര്യം ചെയ്തിട്ടുണ്ടെങ്കിലും വേനൽക്കാലമായാൽ വെള്ളം വറ്റുന്ന അവസ്ഥയാണ് നിലവിലുള്ളത്.

# അക്കാദമികം

അധ്യാപക പരിശീലനങ്ങൾ പ്രക്രിയാബന്ധിതമായി നടക്കുന്നതുകൊണ്ടു തന്നെ ക്ലാസ്മുറിയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്താൻ കഴിയുന്നു. പഠന സാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ശേഷികൾ കുട്ടികളിലെത്തിക്കാൻ സാധിക്കുന്നു. പാഠഭാഗങ്ങളിലെ സംശയങ്ങൾക്ക് എസ്.ആർ.ജിയിലൂടെ പരിഹാരം കണ്ടെത്തുന്നു. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പ്രവർത്തനങ്ങൾ നൽകി അവരെ പുരോഗതിയിലേക്ക് കൊണ്ടുവരുന്നുവെങ്കിലും ക്ലാസ്മുറിയിലെ അസൗകര്യം പാഠാസൂത്രണത്തിൽ അനുഭവപ്പെടുന്ന വലിയ പ്രശ്നമാണ്. പാഠ്യേതര പ്രവർത്തനങ്ങളിലും കലാകായിക മേഖലകളിലും പ്രത്യേക പരിശീലനം നൽകി വരുന്നു.

## കുട്ടികളുടെ പഠന നിലവാരം

പഠനത്തിൽ ഭിന്ന നിലവാരത്തിലുള്ള കുട്ടികളാണുള്ളത് മുന്നോക്കക്കാരും പിന്നോക്കക്കാരുമുണ്ടെങ്കിലും ശരാശരി നിലവാരത്തിലുള്ളവരാണ് കൂടുതലും.

## പഠന പ്രവർത്തനങ്ങൾ

സാധാരണ പ്രവർത്തനങ്ങൾക്കൊപ്പം പിന്നോക്കക്കാരെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

## അധ്യാപകരുടെ ആസൂത്രണം

പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ചും പഠന സാമഗ്രികൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തിയും പഠനശേഷികൾ ഉറപ്പുവരുത്താറുണ്ട്.

## സാമൂഹിക പങ്കാളിത്തം

പി.ടി.എയുടെ പങ്കആളിത്തം പല മേഖലകളിലും ഉണ്ടായിട്ടുണ്ട്. സ്കൂളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന രണ്ടു കംപ്യൂട്ടറുകളും പി.ടി.എയുടെ വകയാണ്. സ്കൂളിൽ നടത്തുന്ന മിക്ക ആഘോഷങ്ങളിലും പി.ടി.എയുടെ ഇടപെടലുകൾ നല്ല രീതിയിൽ ഉണ്ടായിട്ടുണ്ട്.

സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾ പുരോഗമനത്തിലെത്തണമെങ്കിൽ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികളുടെ പഠന പ്രവർത്തനങ്ങളിലും പഠന മനോഭാവം വർദ്ധിപ്പിക്കുന്നതിലും രക്ഷിതാക്കൾ ഇനിയും ബോധവാന്മാരാകേണ്ടതുണ്ട്.

## നേട്ടങ്ങൾ

### ഭൗതികം

അടുത്ത കാലത്തായി നിർമ്മിച്ച പുതിയ കോൺക്രീറ്റ് കെട്ടിടം ക്ലാസ്സുകളുടെ പ്രവർത്തനങ്ങളെ സജീവമാക്കാനും ആയാസ രഹിതമാക്കാനും സഹായിക്കുന്നു. അതുപോലെ വിശാലമായ ഓഫീസ്മുറി, എല്ലാ ക്ലാസുകളിലും ഫാനും ലൈറ്റും, കുടിവെള്ള സൗകര്യം പൈപ്പ്ലൈൻ എന്നിവ ഭൗതിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്നു.

### അക്കാദമികം

പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ നല്ല നിലവാരം പുലർത്തുന്നു. സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഒരുക്കിയെടുത്ത ഇംഗ്ലീഷ് തിയേറ്റർ അക്കാദമിക മികവിന് ആക്കം കൂട്ടുന്നു. ഓരോ ക്ലാസ്സിലും പ്രത്യേകമായി ഒരുക്കിയ ക്ലാസ് ലൈബ്രറികൾ കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നു. 2024-25 എൽ.എസ്.എസ് പരീക്ഷയിൽ 4 കുട്ടികൾ എൽ.എസ്.എസ് നേടിയിട്ടുണ്ട്. സബ്ജില്ലാ കലോത്സവം, വിദ്യാരംഗം എന്നിവയിലും ഉന്നത നിലവാരം പുലർത്തി. ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുകയും പ്രാദേശിക മത്സരങ്ങളിൽ സമ്മാനർഹരാവുകയും ചെയ്തിട്ടുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക.
- 1 മുതൽ 5 വരെ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസരിച്ച് നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുള്ള പ്രവർത്തന കലണ്ടറും രൂപീകരിക്കൽ.
- പഠനം കൂടുതൽ രസകരവും ആയാസ രഹിതവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിൽ വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- കുട്ടികളുടെ നാനോന്മുഖമായ പുരോഗതിക്ക് ആവശ്യമായ വിധത്തിൽ സ്കൂളുകളെ സജ്ജീകരിക്കൽ.
- സമൂഹത്തോട് കൂറുള്ള ഒരു തലമുറയെ വാർത്തെടുക്കാനുതകുന്ന വിധത്തിൽ അടിസ്ഥാന വിദ്യാഭ്യാസം നൽകൽ.
- കലാകായിക രംഗത്ത് ഉന്നത നിലവാരം കൈവരിക്കാനുള്ള പരിശീലനം നൽകൽ.

# അക്കാദമിക പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ

## മലയാളം

| നമ്പർ | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | വായനയിൽ താല്പര്യം കുറയുന്നു | കുട്ടികളെ മികച്ച വായനക്കാരനാക്കി മാറ്റുക. | I – V | 1. ക്ലാസ്/സ്കൂൾ ലൈബ്രറി സംവിധാനമൊരുക്കൽ | ജൂൺ ആദ്യ വാരം | HM & staff | 1000 |
| | | | I - V | 2. പിറന്നാൾ പുസ്തകം പദ്ധതി | വർഷം മുഴുവൻ | HM & staff | |
| | | | I - V | 3. പുസ്തക ശേഖരണം | വർഷം മുഴുവൻ | ടീച്ചേർസ്, രക്ഷിതാക്കൾ | |
| | | | I – V | 4. വായനാകാർഡ് നിർമ്മാണം | അവധി ദിവസങ്ങളിൽ | രക്ഷിതാക്കൾ അധ്യാപകർ | |
| | | | III – V | 5. ഗ്രന്ഥശാല സന്ദർശനം അംഗത്വമെടുക്കൽ | ജൂൺ | എച്ച്.എം | |
| | | | III – V | 6. പ്രതിമാസ ക്വിസ്, ചോദ്യോത്തരപ്പെട്ടി (ദിനാചരണങ്ങൾ, പത്ര വാർത്ത) | മാസംതോറും | ക്ലാസ് ടീച്ചർ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | I – V | 7. വിവിധ പത്രങ്ങൾ ലഭ്യമാക്കൽ | വർഷം മുഴുവൻ | സ്പോൺസറിംഗ് | 2000 |
| | | | | പത്ര വാർത്ത വായന | എല്ലാ ദിവസവും | | |
| | | | I - V | 8. വായനാ മത്സരം മികച്ച വായനക്കാരനെ കണ്ടെത്തൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| | | | II – V | 9. പുസ്തക പരിചയം (അസംബ്ലിയിൽ) | എല്ലാ ദിവസവും | എച്ച്.എം | |
| | | | III – V | 10. വായനാക്കുറിപ്പ് തയ്യാറാക്കൽ - പതിപ്പ് നിർമ്മാണം | മാസം തോറും | ക്ലാസ് ടീച്ചർ | 500 |
| | | | III - V | 11. നൂറു കവിതകൾ നൂറു കവികൾ (കവികളുടെ ചിത്രങ്ങൾ, കവിതകൾ, ജീവചരിത്രക്കുറിപ്പ് എന്നിവ ഉൾപ്പെടുത്തി ആൽബ നിർമ്മാണം | വർഷം മുഴുവൻ | രക്ഷിതാക്കൾ<br>HM & staff | 1000 |
| | | | | 12. ബുള്ളറ്റിൻ ബോർഡ് (ഓരോ മാസവും ഏതെങ്കിലും ഒരു വിഷയത്തെ കേന്ദ്രീകരിച്ച് ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കൽ) | വർഷം മുഴുവൻ | HM & staff | 1500 |

ഇംഗ്ലീഷ്

പ്രവർത്തനം - ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| നമ്പർ | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഇല്ല | എല്ലാവരേയും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷിയുള്ളവരാക്കുക. | 3, 4, 5 | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ ഇംഗ്ലീഷിൽ അസംബ്ലി നടത്തുക അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| 2 | പ്രവർത്തനം സ്വയം ഇംഗ്ലീഷ് വാക്യങ്ങൾ എഴുതുന്നില്ല. | ഇംഗ്ലീഷ് ഡയറി തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | 1 മുതൽ 5 വരെ | ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടന്ന കാര്യങ്ങൾ പറയൽ,എഴുതൽ | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | വേണ്ടത്ര ഇംഗ്ലീഷ് അന്തരീക്ഷം ക്ലാസുകളിലില്ല. | ഇംഗ്ലീഷ് പഠനാന്തരീക്ഷം ഒരുക്കൽ | 1 മുതൽ 5 വരെ | ഇംഗ്ലീഷ് കോർണർ, ഇംഗ്ലീഷ് പുസ്തകങ്ങൾ, മറ്റ് ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, ഇംഗ്ലീഷ് വായനാസാമഗ്രി, ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | സ്പോൺസർ |
| 4 | ഇംഗ്ലീഷ് പഠിക്കുന്നതിന് ചില കുട്ടികൾക്ക് താൽപര്യമില്ല. | കളികളിലൂടെയുള്ള പഠനത്തിലൂടെ താൽപര്യം വളർത്തിയെടുക്കൽ | 1 മുതൽ 5 വരെ | ഇംഗ്ലീഷിലുള്ള പദപ്രശ്നം ഓരോ ക്ലാസിന് യോജിച്ചത് നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നു. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | |
| 5 | ഇംഗ്ലീഷിലുള്ള സർഗാത്മക രചനകളുടെ അഭാവം | ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ചുള്ള സർഗാത്മ പ്രവർത്തനങ്ങൾ | 1 മുതൽ 5 വരെ | ഇംഗ്ലീഷ് തിയേറ്റർ ഉപയോഗിച്ച് പാഠഭാഗങ്ങളുടെ സ്കിറ്റ് കോൺവർസേഷൻ എന്നിവ അവതരിപ്പിക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | 2000 |
| 6 | ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള ഒരു ഭയം | ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | 1 മുതൽ 5 വരെ | ഇംഗ്ലീഷ് ഫെസ്റ്റ് എല്ലാ പരിപാടികളും ഇംഗ്ലീഷിൽ ഉല്പന്നങ്ങളുടെ പ്രദർശനം | മാർച്ച് മാസം | ഇംഗ്ലീഷ് ക്ലബ്ബ് പി.ടി.എ എസ്.എസ്.എ | 1000 |

## ഗണിതം

| നമ്പർ | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | താൽപര്യ പൂർവ്വം ഗണിത പഠന ത്തിൽ ഏർപ്പെ ടാൻ കഴിയു ന്നില്ല. | ഗണിത പഠനത്തിൽ താൽപര്യം ജനിപ്പി ക്കൽ | 1 മുതൽ 5 വരെ | 1. ഗണിതകേളി (അതാതു ക്ലാസിന്റെ നിലവാരത്തി നനുസരിച്ചുളളവ കണ്ടെത്തി അതിനു വേണ്ട സാമഗ്രികൾ ഒരു ക്കലും കളികളിലേർപ്പെ ടൽ) | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |
| | | | 1 മുതൽ 5 വരെ | 2. ഗണിത മൂല ഒരുക്കൽ (ഓരോ ക്ലാസിനും യോജിച്ച പുസ്തകങ്ങൾ സാമഗ്രികൾ ഒരുക്കൽ) | ജൂൺ | HM & staff | 100 |
| | | | 3 മുതൽ 5വരെ | 3. ഒറിഗാമി, ടാൻഗ്രാം ശില്പ ശാല | ഒക്ടോബർ നവംബർ | എച്ച്എം | 500 |
| | | | 1 മുതൽ 5 വരെ | 4. ജ്യാമിതീയ പാറ്റേണുക ളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM & staff | 500 |
| | | | 3 മുതൽ 5വരെ | 5. ഗണിത ക്വിസ് ചോദ്യോ ത്തരപ്പെട്ടി | മാസം തോറും ആഴ്ചയിൽ | ക്ലാസ് ടീച്ചർ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 1 മുതൽ 5വരെ | 6. ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിപാടികൾ സംഘടിപ്പിക്കൽ (കടങ്കഥകൾ, പസിലുകൾ, കഥ, കുസൃതിക്കണക്ക്, ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ) അവതരണം | മാസം തോറും | HM & staff | |
| | | | 1 മുതൽ 5വരെ | 7. ഗണിതയാത്ര (ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട്) കടയിലേക്ക് വീടു നിർമ്മാണം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| | | | 3 മുതൽ 5വരെ | 8. ഗണിത മാസിക (പസിൽ, മാന്ത്രിക ചതുരം, പാറ്റേൺ നാട്ടറിവ്, പ്രോജക്ട് ഗണിത ഗാനങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി) | ഓരോ ടേം | ക്ലാസ് ടീച്ചർ | 1000 |
| | | | 1 മുതൽ 5വരെ | 9. ഗണിതമേള | മാർച്ച് | എച്ച്.എം | 1000 |

## പരിസരപഠനം

| നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനത്തോടുള്ള താൽപര്യ ക്കുറവ് | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1 മുതൽ 5വരെ | ശാസ്ത്ര മൂലയൊരുക്കൽ | ഏപ്രിൽ മെയ് | എച്ച്.എം, സ്റ്റാഫ് | |
| | | | 1 മുതൽ 5വരെ | വിസ്മയ ചുമർ | ജൂൺ മുതൽ | എച്ച്.എം, സ്റ്റാഫ് | |
| | | | 3 മുതൽ 5വരെ | കൗതുക വാർത്താ ശേഖരണം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |
| | | | 1 മുതൽ 5വരെ | കണ്ടറിയാം (ഫീൽഡ് ട്രിപ്പ്) | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |
| | | | 1 മുതൽ 5വരെ | ചെയ്തു നോക്കാം (പരീക്ഷണങ്ങൾ) | മാസം തോറും | ക്ലസ് ടീച്ചർ | |
| | | | 1 മുതൽ 5വരെ | വർക്ക് ഷോപ്പ് | ആവശ്യാനുസരണം | എച്ച്.എം, സ്റ്റാഫ് | |
| | | | 3 മുതൽ 5വരെ | ദിനാചരണങ്ങൾ | ജൂൺ മുതൽ | എച്ച്.എം, സ്റ്റാഫ് | |
| | | | 1 മുതൽ 5വരെ | ശാസ്ത്ര പ്രദർശനം | വർഷാവസാനം | എച്ച്.എം, സ്റ്റാഫ് | |

ഹിന്ദി

| നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | പുതിയ ഒരു ഭാഷാ കൈകാര്യം ചെയ്യുമ്പോഴു ണ്ടാകുന്ന പ്രയസാങ്ങൾ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷാ എഴുതു വാനും വായിക്കുവാ നുള്ള കഴിവ് വളർത്തി യെടുക്കുക. | V | എല്ലാ കുട്ടികൾക്കും മേൽവി ലാസം ഉൾക്കൊള്ളുന്ന കാർഡ് (തിരിച്ചറിയൽ കാർഡ്) | ജൂൺ | ഹിന്ദി അധ്യാപിക | ഹിന്ദി അധ്യാപിക (1000) |
| | | | V | ഹഫ്തെകാ ശബ്ദ് പുതിയ വാക്ക് പരിചയപ്പെടൽ | ജൂൺ മുതൽ | ഹിന്ദി ക്ലബ്ബ് | |
| | | | V | ഹിന്ദി ലൈബ്രറി | ആഗസ്ത് മുതൽ | അധ്യാപിക, രക്ഷിതാക്കൾ | ഹിന്ദി ക്ലബ്ബ് (1000) |
| | | | V | എന്റെ ഹിന്ദി ബുക്ക് | ജൂൺ മുതൽ | അധ്യാപിക കുട്ടികൾ | |
| | | | V | ഹിന്ദി മാസിക | സെപ്തംബർ മുതൽ | ഹിന്ദി അധ്യാപിക എസ്.ആർ.ജി | അധ്യാപിക (200) |

## അറബിക്

| നമ്പർ | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | പുതിയ ഒരു ഭാഷ കൈകാര്യം ചെയ്യാൻ ഉണ്ടാകുന്ന പ്രയാസങ്ങൾ | കരിക്കുലം ലക്ഷ്യമാക്കുന്ന അറബിക് ഭാഷാ നേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക. | 1 മുതൽ 4 വരെ | കഥ പറയൽ:മാസത്തിൽ ഒരു ദിവസം പാഠഭാഗത്തെ കഥപറയൽ, ഭാഗം കണ്ടെത്തി നൽകൽ. | ജൂൺ മുതൽ | അധ്യാപകൻ | |
| | | ലോകഭാഷ എന്ന നിലയിൽ ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും കേട്ട് മനസ്സിലാക്കാൻ കുട്ടികൾക്ക് അവസരം നൽകൽ | 3,4 ക്ലാസുകൾ | സിനിമ, ഡോക്യുമെന്ററി പ്രദർശനം, സംഭാഷണങ്ങൾ പാഠഭാഗത്തിനു പുറത്തും സാധ്യതകൾ കണ്ടെത്തൽ | ജൂലായ് മുതൽ | എച്ച്.എം, അധ്യാപകൻ | |
| | | അറബി തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കൽ | 1-4 ക്ലാസുകൾ | ഭാഷാ ചാർട്ടുകൾ പ്രദർശനം കാലിഗ്രാഫി പ്രദർശനം. അറബിക് കോപ്പി പ്രിന്റഡ് മെറ്റീരിയൽ ശേഖരണം. | ജൂൺ മുതൽ | അധ്യാപകൻ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | അറബി ഭാഷ പഠന വൈകല്യമുള്ള വർക്കും, പിന്നോക്കം നിൽക്കുന്നവർക്കും ആർജിക്കുന്നതിനുള്ള അവസരം | 1-4 ക്ലാസുകൾ | രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്, വൈകല്യമുള്ളവരുടെ അഭിമുഖം. | | എച്ച്.എം പി.ടി.എ അധ്യാപകൻ | |
| | | ക്ലാസിക്കൽ കലകൾ അഭ്യസിക്കാൻ അവസരമൊരുക്കൽ | | ഭാഷയിലെ ക്ലാസിക്കൽ കലകളെ അറിയാനും അഭ്യസിക്കാനുമുള്ള ക്ലാസ് സംഘടിപ്പിക്കൽ | ഉചിതമായ സന്ദർഭത്തിൽ | എച്ച്.എം അധ്യാപകൻ | |

## കായികം

| നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| I | കായികക്ഷമ താക്കുറവ് | കുട്ടികളുടെ സാമൂഹികവും വൈകാരികവും ബുദ്ധിപരവുമായ വികാസത്തിന് അനുയോജ്യമായ കളികൾ, പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കൽ | I-V | നാടൻ കളികൾ | അനുയോജ്യമായ സമയത്ത് | ക്ലാസ് അധ്യാപകൻ | |
| | | | I-V | മോണിംഗ് അസംബ്ലി | എല്ലാ ദിവസവും | എച്ച്എം ക്ലാസ് അധ്യാപകൻ | |
| | | | I-V | ആരോഗ്യ വിദ്യാഭ്യാസം | അനുകൂല സമയങ്ങളിൽ | എച്ച്എം, സ്റ്റാഫ് | പി.ടി.എ |

## വ്യക്തിത്വ വികാസം, മൂല്യബോധം

| നമ്പർ | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കുട്ടികളിൽ കാണുന്ന മൂല്യബോധ തകർച്ച | കുട്ടികളിൽ ആത്മവിശ്വാസവും മൂല്യബോധവും പരസ്പര സഹായ സഹകരണ ബോധവും വളർത്തൽ | I-V | കലാ-കായിക മത്സരങ്ങൾ | മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | പി.ടി.എ |
| | | | I-V | ബാലസഭ, ഫീൽഡ്ട്രിപ്പ്, പച്ചക്കറിത്തോട്ട നിർമ്മാണം | അനുയോജ്യമായ സമയങ്ങളിൽ | എച്ച്എം സ്റ്റാഫ്, പി.ടി.എ | പി.ടി.എ |
| | | | I-V | മഹാന്മാരെ പരിചയപ്പെടൽ | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള സമയങ്ങളിൽ | ക്ലാസ് ടീച്ചർ | |
| | | | I-V | ഗുണപാഠ കഥകൾ സംഘടിപ്പിക്കൽ, അവതരിപ്പിക്കൽ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |

## കലാപഠനം പ്രവർത്തി പരിചയം

| നമ്പർ | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| I | സർഗാത്മകത പ്രകടിപ്പിക്കുന്നതിലെ താല്പര്യക്കുറവ് | കുട്ടികൾക്ക് കലയോടുള്ള ആഭിമുഖ്യം വളർത്തൽ | I-V | സർഗവേള | ജൂൺ മുതൽ | എച്ച്.എം, സ്റ്റാഫ് | പി.ടി.എ |
| | | | II-V | നിർമ്മാണ പ്രവർത്തനങ്ങൾ | ഉചിതമായ സമയങ്ങളിൽ | എച്ച്.എം, സ്റ്റാഫ് | പി.ടി.എ |
| | | | III-V | ചിത്രീകരണം റോൾ പ്ലേ നാടകങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട സമയങ്ങളിൽ | ക്ലാസ് ടീച്ചർ, ക്ലബ്ബുകാർ | പി.ടി.എ |
| | | | I-V | വാർഷികാഘോഷം | മാർച്ച് | പി.ടി.എ | പി.ടി.എ |

## മോണിറ്ററിംഗ്

ഓരോ വിദ്യാർത്ഥിയും പ്രതിഭകളാണ്. അവരിൽ നിന്ന് അത് കണ്ടെത്തി വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. സ്കൂളിൽ മോണിറ്ററിംഗിന്റെ ചുമതല എല്ലാ നിലയിലും പ്രധാനാദ്ധ്യാപകനാണ്. വിദ്യാഭ്യാസ അധികാരികളും അധ്യാപകരും അതുപോലെ തന്നെ ഓരോ വിഷയത്തിൽ പ്രഗൽഭരായവരും അതതു കാര്യങ്ങളിൽ മോണിറ്ററിംഗ് നടത്തേണ്ടതുണ്ട്. കുട്ടികളെ സംബന്ധിച്ച് അവരുടെ സർവ പുരോഗതിക്കും അത്യാവശ്യമായ പ്രോത്സാഹനവും അഭിനന്ദനവും ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കണം.

ഈ വിധത്തിൽ മോണിറ്ററിംഗ് ചെയ്യുകയും പുരോഗതിക്കാവശ്യമായ നിലപാട് സ്വീകരിക്കുകയും ചെയ്യണം.

## ഉപസംഹാരം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും അതുവഴി ഓരോ വിദ്യാർത്ഥിയേയും അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യ പദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് മാസ്റ്റർ പ്ലാൻ കൊണ്ട് അടിസ്ഥാനപരമായി ലക്ഷ്യം വെക്കുന്നത്. ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടിയുടെ സവിശേഷ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളേയും പഠന മുന്നേറ്റത്തിന് ആവശ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയണം.